LIBRARY ARCHIVES Kerala Legislative Assembly

അന്തർ സംസ്ഥാന നദീജല കരാർ സംബന്ധിച്ച കേസുകൾ

60 [778] പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. എഴുകോൺ നാരായണൻ:
,, എം. കെ. പോൾസൺ മാസ്റ്റർ:
ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തമിഴ്നാടും കേരളവും തമ്മിൽ നിലവിലുള്ള അന്തർ സംസ്ഥാന നദീജലം സംബന്ധിച്ചോ, ഈ രണ്ട് സംസ്ഥാനങ്ങളും തമ്മിൽ കരാറില്ലാത്തതും സംസ്ഥാനത്തു നിന്ന് ഉത്ഭവിക്കുന്നതുമായ നദിയിലെ ജലം സംബന്ധിച്ചോ, ഇക്കഴിഞ്ഞ പത്തു വർഷത്തിനുള്ളിൽ തമിഴ്നാടോ അവിടുത്തെ പൗരൻമാരോ സംസ്ഥാനത്തിനെതിരെ എത്ര കേസ്സുകൾ ഫയൽ ചെയ്തിട്ടുണ്ട്;

(ബി) ഇവ ഏതെല്ലാം കാര്യത്തെപ്പറ്റിയാണ്; ഇവയിൽ ഏതിലെല്ലാം തമിഴ്നാടിന് താൽക്കാലികമായോ അല്ലാതെയോ അനുകൂലമായ വിധി വന്നിട്ടുണ്ട്;

(സി) ഈ കാലയളവിൽ തമിഴ്നാടിന്റെ ഭാഗത്തുനിന്നുണ്ടായ അന്തർ സംസ്ഥാന നദീജല കരാർ ലംഘനത്തെയോ മറ്റു വിധത്തിൽ സംസ്ഥാനത്തിന്റെ നദീജല വിനിയോഗത്തെപ്പറ്റിയോ സംസ്ഥാനം തമിഴ്നാടിനെതിരെ എത്ര കേസ്സുകൾ ഫയൽ ചെയ്തു;

(ഡി) അതിൽ സംസ്ഥാനത്തിന് താൽക്കാലികമായോ അല്ലാതെയോ അനുകൂലമായി എത്ര വിധിയുണ്ടായെന്നും ഏതെല്ലാം കേസ്സുകളിൽ എന്നും അറിയിക്കുമോ?

ഉത്തരം

(എ, ബി) മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പു ഉയർത്തുന്നത് സംബന്ധിച്ച് തമിഴ്നാട്ടിലെ പൗരൻമാർ കേസ്സുകൾ ഫയൽ ചെയ്തിട്ടുണ്ട്. ഡോക്ടർ സുബ്രഹ്മണ്യ സ്വാമിയും മറ്റു 5 പേരുമാണ് ഇത്തരത്തിൽ കേരളത്തിനെതിരെ കേസ്സുകൾ ഫയൽ ചെയ്തത്. ഇതുകൂടാതെ മുക്കാലിയിൽ തടയണ നിർമ്മിക്കുന്നതിനെതിരെ തമിഴ്നാട് രണ്ടു കേസ്സുകൾ ഫയൽ ചെയ്തു. മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലവിതാനം +136 അടിക്കു മുകളിൽ ഉയർത്തണമെന്നാവശ്യപ്പെട്ടാണ് തമിഴ്നാട്ടുകാർ കേരളത്തിനെതിരെ കേസ്സുകൾ ഫയൽ ചെയ്തത്. അറുമുഖം, സുന്ദരം എന്നീ കോൺട്രാക്ടർമാർ ബേബി ഡാം ബലപ്പെടുത്തുന്ന പണികൾ നടത്താൻ അനുവദിക്കണമെന്നാവശ്യപ്പെട്ടാണ് കേസ് ഫയൽ ചെയ്തത്. ഡോക്ടർ സുബ്രഹ്മണ്യസ്വാമി നൽകിയ ട്രാൻസ്ഫർ പെറ്റീഷൻ സുപ്രീംകോടതി അനുവദിച്ചതിനെത്തുടർന്ന് മേൽകേസ്സുകൾ സുപ്രീംകോടതിയിലേക്ക് മാറ്റപ്പെടുകയും അവ ഇപ്പോൾ സുപ്രീംകോടതിയുടെ പരിഗണനയിലുമാണ്.

ഇതിനു പുറമെ ഭവാനിപ്പുഴയിലെ മുക്കാലി തടയണയുടെ പണി നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് തമിഴ്നാട് സ്വദേശിയായ ഗോപാൽജി മദ്രാസ് ഹൈക്കോടതിയിൽ സമർപ്പിച്ച കേസ് കോടതി തള്ളിക്കളയുകയുണ്ടായി. മേൽ വിഷയത്തിൽ കാവേരി നദീജല തർക്ക ട്രിബ്യൂണലിൽ തമിഴ്നാട് ഗവൺമെന്റ് സിവിൽ മിസലേനിയസ് പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്.

(സി, ഡി) മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് ഉയർത്തുന്നതിനെതിരെ സംസ്ഥാനത്തിലെ ചില വ്യക്തികളും സംഘടനകളും 6 കേസ്സുകൾ ഫയൽ ചെയ്തിട്ടുണ്ട്. മുക്കാലിയിൽ തടയണ നിർമ്മാണം നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ട് തമിഴ്നാട് നൽകിയ കേസ്സിനെതിരെ കേരളം കേസ് ഫയൽ ചെയ്യുകയുണ്ടായി.

മുക്കാലി തടയണയുടെ നിർമ്മാണം നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ട് തമിഴ്നാട് ഗവൺമെന്റ് കാവേരി നദീജല തർക്ക ട്രൈബ്യൂണലിൽ നൽകിയ കേസ്സിൻമേലുള്ള ഉത്തരവിൽ കാവേരി നദീജല തർക്കത്തിന്റെ അന്തിമവിധി വരുന്നതുവരെ മുക്കാലി തടയണയുടെ പണി നിർത്തിവയ്ക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. കേരളം ഇതിൻമേൽ സുപ്രീംകോടതിയിൽ സ്പെഷ്യൽ ലീവ് പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. ഇതിന്റെ വാദം നടന്നുവരികയാണ്.

കേരളവും തമിഴ്നാടും തമ്മിലുള്ള നദീജല കരാറുകൾ

61 [779] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളവും തമിഴ്നാടും തമ്മിലുള്ള നദീജലം പങ്കുവയ്ക്കുന്നത് സംബന്ധിച്ച പ്രധാനപ്പെട്ട കരാറുകളുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഓരോ കരാറും എന്നാണ് ഒപ്പുവച്ചിട്ടുള്ളതെന്നും ഓരോന്നിന്റെയും കാലാവധി സംബന്ധിച്ച വിശദാംശവും വ്യക്തമാക്കുമോ;

(സി) കരാറുകൾ പൂർണ്ണമായി ഇരു സംസ്ഥാനവും പാലിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) കരാറുകൾ ലംഘിക്കപ്പെടുന്നത് സംബന്ധിച്ച് എന്തെങ്കിലും തർക്കങ്ങൾ നിലവിലുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) തമിഴ്നാടുമായി ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും കരാറുകളിൽ സംസ്ഥാനത്തിന്റെ താല്പര്യം സംരക്ഷിക്കപ്പെടുന്നില്ല എന്ന് കരുതുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1886-ൽ നിലവിൽ വന്ന പെരിയാർ പാട്ടക്കരാർ, 1958 മുതൽ മുൻകാല പ്രാബല്യത്തോടെ 1970-ൽ ഒപ്പുവച്ച പറമ്പിക്കുളം-ആളിയാർ പദ്ധതി കരാർ, 1973-ൽ നിലവിൽ വന്ന ശിരുവാണി കുടിവെള്ള കരാർ എന്നീ മൂന്നു കരാറുകളാണ് കേരളവും തമിഴ്നാടും തമ്മിലുള്ള നദീജല കരാറുകൾ.

1886-ലെ പെരിയാർ പാട്ടക്കരാർ അനുസരിച്ച് 155 അടി കൊണ്ടൂറിൽ നിന്നും മുല്ലപ്പെരിയാർ അണക്കെട്ടിലേക്ക് ഒഴുകിയെത്തുന്ന ജലം മുഴുവനും കരാർ പ്രകാരം തമിഴ്നാട് കൊണ്ടുപോകുന്നുണ്ട്. കരാർപ്രകാരം കേരളത്തിന് ജലവിഹിതം ഇല്ല. 1973-ലെ ശിരുവാണി കുടിവെള്ള കരാർ അനുസരിച്ച് 1.3 ടി.എം.സി. ജലം തമിഴ്നാടിന് നൽകാറുണ്ട്. കരാർപ്രകാരം 5 ക്യൂസക്സ് ജലം പ്രതിദിനം കേരളത്തിനും ലഭിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly